# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ.

   **The first meeting of the Joint Parliamentary Committee on the Foreign Contribution Regulation Amendment Bill will be held in New Delhi today.**

2. വികസിത ഭാരതം എന്ന ലക്ഷ്യത്തിനായുള്ള ധനസമാഹരണം സംബന്ധിച്ച് ധനമന്ത്രാലയം സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം.

   **A conference on financing for the goal of a developed India, organised by the Ministry of Finance, will begin in New Delhi today.**

3. ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആന്റി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

   **Home Minister Ramesh Chennithala said that an Anti-Narcotics Investigation Team has been formed as part of efforts to strengthen Operation Toofan.**

4. ഒരു ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് ഇന്ന് കൊച്ചിയിലെത്തും.

   **Defence Minister Rajnath Singh will arrive in Kochi today on a one-day visit.**

5. സ്വച്ഛതാ ഹി സേവാ ക്യാമ്പയിന്റെ ഭാഗമായി രാജ്യത്ത് വിപുലമായ പരിപാടികൾ. സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്‌ന്റെ ഭാഗമായി രാജ്യമെമ്പാടും നാളെ ബീച്ച് ശുചീകരണം നടക്കും.

**Extensive programmes are being held across the country as part of the Swachhata Hi Seva campaign. A nationwide beach-cleaning drive will be conducted tomorrow as part of the Swachh Sagar Surakshit Sagar campaign.**

*******************************

## JPC

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ. ആഭ്യന്തര മന്ത്രാലയത്തിൽ നിന്നുള്ള പ്രതിനിധികൾ ബില്ലിന്റെ വിശദാംശങ്ങൾ പാർലമെന്ററി സമിതിയ്ക്ക് മുന്നിൽ അവതരിപ്പിക്കും. FCRA ഭേദഗതി ബിൽ ജെ.പി.സിയ്ക്ക് വിടാൻ വർഷകാല സമ്മേളനത്തിൽ പാർലമെൻറ് തീരുമാനിക്കുകയായിരുന്നു. ലോക്സഭയിൽ നിന്നുള്ള 21 എംപിമാരും, 10 രാജ്യസഭാംഗങ്ങളുമാണ് ജെ.പി.സിയിലുള്ളത്. ശീതകാല സമ്മേളനത്തിൻറെ ആദ്യ ആഴ്ചയിലെ അവസാന ദിവസമാണ് സമിതി റിപ്പോർട്ട് പാർലമെൻറിൽ സമർപ്പിക്കുക.

*******************************

## FINANCE MINISTER CONFERENCE

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്രയ്ക്ക് ആവശ്യമായ ധനസമാഹരണത്തെ സംബന്ധിച്ച് ധനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ധനമന്ത്രിമാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനകാര്യ സെക്രട്ടറിമാരും സംബന്ധിക്കും

******************************

## RAMESH CHENNITHALA (INTRO)

ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാൻ നോഡൽ ഓഫീസറും നോർത്ത് റേഞ്ച് ഐ ജിയുമായ പുട്ട വിമലാദിത്യയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് യൂണിറ്റുകളായാണ് ടീം പ്രവർത്തിക്കുക.

*(വോയ്സ്)*

******************************

## HAL AIRCRAFT

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് നിർമ്മിച്ച, HTT 40 ബേസിക് ട്രെയിനർ വിമാനങ്ങളും ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ് തേജസ് ഫൈനൽ ഓപ്പറേഷൻ ക്ലിയറൻസ് ട്വിൻ സീറ്റർ ട്രെയിനർ വിമാനങ്ങളും ഇന്ന് വ്യോമസേനയുടെ ഭാഗമാകും. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡിന് ധ്രുവ് നെക്സ്റ്റ് ജനറേഷൻ ഹെലികോപ്റ്ററുകളും കൈമാറും. ബെംഗളൂരുവിൽ നടക്കുന്ന ചടങ്ങിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും വ്യോമയാന മന്ത്രി രാംമോഹൻ നായിഡുവും പങ്കെടുക്കും.

******************************

## RAJNATH SINGH

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് ഇന്ന് കൊച്ചിയിലെത്തും. ജന്മഭൂമിയുടെ ത്രിദിന ദേശീയ കോൺക്ലേവ് അദ്ദേഹം എളമക്കരയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

******************************

## MEA PASSPORT

1980 ലെ പാസ്പോർട്ട് നിയമങ്ങൾ ഭേദഗതി ചെയ്ത് കേന്ദ്ര വിദേശകാര്യ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. ഭേദഗതി പ്രകാരം 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അനുവദിക്കുന്ന 36 പേജുള്ള സാധാരണ പാസ്പോർട്ടിന് അഞ്ച് വർഷത്തേക്കോ, കുട്ടിക്ക് 18 വയസ്സ് തികയുന്നതുവരെയോ കാലാവധി ഉണ്ടായിരിക്കും.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്

******************************

## SWACHH BHARAT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുകയാണ്. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന ലക്ഷ്യത്തിലൂന്നി സമഗ്രവികസനത്തിനും, സാമൂഹിക ശാക്തീകരണത്തിനുമായി നിരവധി നടപടികളാണ് ഇക്കാലയളവിൽ സ്വീകരിച്ചത്. സ്വച്ഛ് ഭാരത് ദൗത്യത്തിലൂടെ ഝാർഖണ്ഡിലുണ്ടായ മാറ്റങ്ങളെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന സേവ സങ്കൽപ് സീരീസിൽ ഇന്ന്. വിശദാംശങ്ങളിലേക്ക്.............

(വോയിസ്)

ശുചിത്വവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ തന്നെ മാറ്റിമറിയ്ക്കാൻ ജനകീയ ദൗത്യമായി മാറിയ സ്വച്ഛ് ഭാരതിലൂടെ സാധിച്ചു. ശുചിത്വം ജനങ്ങളുടെ നിത്യജീവിതത്തിൻറെ ഭാഗമാകണമെന്ന കാഴ്ചപ്പാടോടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി സ്വച്ഛ് ഭാരത് ദൗത്യം രാജ്യത്ത് അവതരിപ്പിച്ചത്. ഝാർഖണ്ഡിലെ വിദൂര ഗ്രാമങ്ങളിലടക്കം മാറ്റങ്ങൾ സൃഷ്ടിക്കാൻ

ദൗത്യത്തിനായി. സംസ്ഥാനത്തെ 91 ശതമാനം ഗ്രാമങ്ങളും വെളിയിട വിസർജ്ജന വിമുക്തമാക്കാൻ ഇതിലൂടെ സാധിച്ചു. 42 ലക്ഷം ശൗചാലയങ്ങൾ ഝാർഖണ്ഡിലെ ഗ്രാമീണ വീടുകളിൽ ഇതിലൂടെ നിർമിച്ചു നൽകി. ഗോബർദ്ധൻ പദ്ധതിയിലൂടെ ഗോത്രവർഗ്ഗ മേഖലയിലടക്കം ശാക്തീകരണം സൃഷ്ടിക്കാനും സാധിച്ചു. ഗ്രാമീണ സ്ത്രീകളുടെ ജീവിതത്തിൽ ഗുണകരമായ മാറ്റങ്ങൾക്കാണ് സ്വച്ഛ് ഭാരത് ദൗത്യം വഴി തുറന്നത്. **ന്യൂസ് ഡസ്ക്, ആകാശവാണി.....**

******************************

## SWACHHATA HI SEVA – EMBASSIES

ലോകമെമ്പാടുമുള്ള ഇന്ത്യൻ എംബസികളിലും കോൺസുലേറ്റുകളിലും സ്വച്ഛതാ ഹി സേവാ 2026 ക്യാമ്പയിന് തുടക്കമായി. എംബസി ഉദ്യോഗസ്ഥർ സ്വച്ഛതാ പ്രതിജ്ഞ ഏറ്റുചൊല്ലി . പരിസര ശുചീകരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടന്നു. അടുത്ത മാസം 2 വരെയാണ് ക്യാമ്പയിൻ. രാജ്യത്ത് വിപുലമായ ശുചീകരണ പരിപാടികളാണ് നടക്കുന്നത്.

******************************

## SWACHH SAGAR SURAKSHIT SAGAR

അന്താരാഷ്ട്ര തിരദേശ ശുചീകരണ ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ന്റെ ഭാഗമായി നാളെ ബീച്ചുകളിൽ ശുചീകരണ യജ്ഞം നടക്കും. കൊച്ചി പുതുവൈപ്പിൻ ബീച്ചിൽ നടക്കുന്ന ശുചീകരണ പരിപാടികളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ നാളെ ശുചീകരണ യജ്ഞവും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

******************************

## ECI - AITC

പശ്ചിമ ബംഗാളിൽ നടക്കാനിരിക്കുന്ന നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിൽ അഖിലേന്ത്യാ തൃണമൂൽ കോൺഗ്രസ്സ് എന്ന പേരും ഔദ്യോഗിക ചിഹ്നവും ഉപയോഗിക്കരുതെന്ന് പാർട്ടിയിലെ ഇരുവിഭാഗങ്ങൾക്കും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. ഇരു വിഭാഗങ്ങളും നൽകാൻ ഉദ്ദേശിക്കുന്ന പേരുകൾ അംഗീകാരത്തിനായി ഇന്ന് തന്നെ സമർപ്പിക്കാനും കമ്മീഷൻ നിർദ്ദേശിച്ചു. മമത ബാനർജി, അരൂപ് റോയ് എന്നിവർ നേതൃത്വം നൽകുന്ന ഇരുവിഭാഗങ്ങളിലെയും നേതാക്കളുടെ വാദം കേട്ട ശേഷമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇടക്കാല ഉത്തരവ്.

*******************************

## NTA-UGC NET

UGC-NET പരീക്ഷയുടെ അന്തിമ ഉത്തരസൂചിക നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഇംഗ്ലീഷ്, കൊമേഴ്‌സ്, സോഷ്യോളജി എന്നീ വിഷയങ്ങളിലെ അന്തിമ ഉത്തരസൂചികയാണ് പ്രസിദ്ധീകരിച്ചത്.

*******************************

## YATRI SEVA ABHIYAN

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ലക്ഷദ്വീപിലെ ഏക വിമാനത്താവളമായ അഗത്തി വിമാന താവളത്തിൽ ഇന്ന് യാത്രീ സേവാ അഭിയാൻ ആഘോഷങ്ങൾ നടന്നു. യാത്രക്കാരെ കോൽക്കളി, പരിചക്കളി തുടങ്ങി ലക്ഷദ്വീപിന്റെ പരമ്പരാഗത നാടോടി നൃത്ത ചുവടുകളോടെയാണ് സ്വീകരിച്ചത്. വന്ദേമാതരം ആലാപനവും പ്രധാനമന്ത്രിയുടെ ചിത്രങ്ങളോടൊപ്പം സെൽഫിയെടുക്കാനുള്ള സൗകര്യങ്ങളും ഒരുക്കിയിരുന്നു. അടുത്തമാസം 10 വരെ നീളുന്ന ആഘോഷ പരിപാടികളാണ് ഇതിലൂടെ ഒരുക്കിയിരിക്കുന്നത്.

******************************

## IMD

കേരളത്തിൽ മറ്റെന്നാൾ വരെ പരക്കെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്.ബിഹാർ, ഒഡീഷ, ഉപ-ഹിമാലയൻ പശ്ചിമ ബംഗാൾ, സിക്കിം, രാജസ്ഥാൻ എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഢ്, ഗുജറാത്ത്, മധ്യപ്രദേശ്, കൊങ്കൺ, ഗോവ, കർണാടക, എന്നിവിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

******************************

## REV. ASIAN GAMES - JAPAN

ജപ്പാനിലെ ഐച്ചി-നഗോയയിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ ക്വിൻസി ജോവാക്വിം ഡിസൂസ ടെക്ബോൾ വനിത സിംഗിൾസിസ് സെമിഫൈനലിൽ പ്രവേശിച്ചു. രാവിലെ നടന്ന മത്സരങ്ങളിൽ ജപ്പാൻറെയും കമ്പോഡിയയുടെയും താരങ്ങളെ പരാജയപ്പെടുത്തിയാണ് ഈ മുന്നേറ്റം. ഏഷ്യൻ ഗെയിംസ് വനിത ക്രിക്കറ്റ് മത്സരങ്ങൾക്കും ഇന്ന് തുടക്കമാകും. ക്വാർട്ട ഫൈനലിൽ ആതിഥേയരായ ജപ്പാനെയാണ് ഇന്ത്യൻ വനിതാ ടീം നേരിടുന്നത്.

******************************

## US-IRAN-VISAS

ന്യൂയോർക്കിൽ അടുത്ത ആഴ്ച നടക്കുന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ ഉന്നതതല യോഗത്തിൽ പങ്കെടുക്കാൻ ഉന്നത ഇറാനിയൻ ഉദ്യോഗസ്ഥർക്ക് വീസ അനുമതി നൽകി അമേരിക്ക.

ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ, വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി എന്നിവരടങ്ങുന്ന പ്രതിനിധി സംഘത്തിനും, ജീവനക്കാർക്കുമാണ് വിസ അനുവദിച്ചത്. പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനും പ്രതിനിധി സംഘത്തിനും യു.എൻ പൊതുസഭയിൽ പങ്കെടുക്കാനുള്ള വീസ അമേരിക്ക മുൻപ് നിഷേധിച്ചിരുന്നു.

*******************************

## UN-IRAN-SANCTIONS

ഇറാന്റെ ആണവപദ്ധതിയുമായി ബന്ധപ്പെട്ട് പുനഃസ്ഥാപിച്ച ഉപരോധങ്ങൾ, യു.എൻ വിദഗ്ദ്ധർ നിരീക്ഷിക്കുന്നത് സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ പ്രമേയം വീറ്റോ ചെയ്ത് റഷ്യയും ചൈനയും. യു എൻ രക്ഷാ സമിതിയിൽ വോട്ടെടുപ്പിനെത്തിയ പ്രമേയമാണ് ഇരു രാജ്യങ്ങളുടെയും എതിർപ്പിനെ തുടർന്ന് തള്ളിയത്. പ്രമേയത്തെ 11 രാജ്യങ്ങൾ അനുകൂലിച്ചപ്പോൾ സൊമാലിയയും പാകിസ്ഥാനും വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു.

*******************************

## EAM BHUTAN JOINT STATEMENT

വിദേശകാര്യമന്ത്രി എസ് ജയശങ്കറിൻറെ ഭൂട്ടാൻ സന്ദർശനം ഇന്ന് പൂർത്തിയാവും. ഭൂട്ടാൻ വിദേശകാര്യ മന്ത്രിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ഭൂട്ടാൻറെ വികസന ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും ഇന്ത്യയുടെ പിന്തുണ വ്യക്തമാക്കിക്കൊണ്ടായിരുന്നു സന്ദർശനം. ഭൂട്ടാൻ രാജാവിനെയും ഭൂട്ടാൻ പ്രധാനമന്ത്രിയെയും ശ്രീ ജയശങ്കർ സന്ദർശിച്ചിരുന്നു.

*******************************

## WORLD BAMBOO DAY

ഇന്ന് ലോക മുള ദിനം. മുളയുടെ പാരിസ്ഥിതികവും സാമ്പത്തികവും സാംസ്കാരികവുമായ മൂല്യങ്ങളും പ്രാധാന്യവും ഉയർത്തിക്കാട്ടുന്നതിനാണ് ദിനാചരണം.

******************************

## INDIA-NEPAL-IGSC MEET

ഉൽപ്പന്നങ്ങൾക്ക് വിപണിസാധ്യതയൊരുക്കാൻ കൂടുതൽ നടപടികൾ ആസൂത്രണം ചെയ്ത് ഇന്ത്യയും നേപ്പാളും. ഇന്നലെ സമാപിച്ച ഗവൺമെൻറ് തല ഉപസമിതിയുടെ യോഗത്തിൽ കസ്റ്റംസ്, വിപണിസാധ്യത, ഗുണനിലവാര മാനദണ്ഡങ്ങൾ, ഭക്ഷ്യസുരക്ഷ, അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ, ഉൾപ്പെടെ ചർച്ചയായതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

*****************************************************************************************************************************************************************
***********